**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** — **02.03.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 102** — **മറുപടിക്ക്**

## സ്പെഷ്യൽ ആം ഡ് പോലീസ് മുദ്രയും വ്യാജ വെടിയുണ്ടകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ. നെല്ലിക്കുന്ന് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) വെടിയുണ്ടയും കാലി കെയ്സും ഉരുക്കി നിർമ്മിച്ചെന്ന് കരുതുന്ന സ്പെഷ്യൽ ആംഡ് പോലീസ് മുദ്രയും വ്യാജ വെടിയുണ്ടകളും പിടിച്ചെടുത്തിട്ടുണ്ടോ ; | എ) പിടിച്ചെടുത്തിട്ടുണ്ട്. |
| ബി) എത്ര വ്യാജ വെടിയുണ്ടകളാണ് പിടിച്ചെടുത്തതെന്നും പോലീസിന്റെ ഏത് വിഭാഗം എവിടെ നിന്നാണ് ഇവ കണ്ടെത്തിയതെന്നും വ്യക്തമാക്കാമോ;<br><br>സി) വ്യാജ വെടിയുണ്ട പിടിച്ചെടുത്തത് സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;<br><br>ഡി) എങ്കിൽ പ്രതികൾ ആരൊക്കെയാണെന്നും രജിസ്റ്റർ ചെയ്ത കേസ്സ് നമ്പർ എത്രയാണെന്നും വ്യക്തമാക്കാമോ? | ബി) യും സി) യും ഡി) യും ഇക്കാര്യത്തിൽ പേരൂർക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നം.763/2019 u/s 403,409,420,424,468,479 പ്രകാരം ക്രൈം കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസ് ഊർജ്ജിത അന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറുകയും തുടർന്ന് ക്രൈം നം.399/സി.ബി/തിരു/ആർ/2019 പ്രകാരം ക്രൈം ബ്രാഞ്ചിലെ പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തി വരുന്നതുമാണ്. കേസിനോടൊപ്പം ഡമ്മി കാട്രിഡ്ജുകളെ സംബന്ധിച്ചുള്ള അന്വേഷണം നടത്തി വരുന്നതും എ.പി.എസ്.ഐ രജി ബാലചന്ദ്രനെ 26.02.2020 തീയതി അറസ്റ്റ് ചെയ്തിട്ടുള്ളതും കോടതി റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ